LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കി ബന്ധപ്പെട്ട തഹസീൽദാർ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. 23-07-2015-ലെ സ.ഉ(കൈ)നമ്പർ 343/2015/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം തീരശോഷണം (Coastal erosion) ഒരു സംസ്ഥാന സവിശേഷ ദുരന്തം (State Specific Local Disaster) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ആശ്വാസ ധനസഹായത്തിന് അർഹതയുണ്ട്. അതോടൊപ്പം പ്രസ്തുത ദുരന്തത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും, വള്ളവും വലയും മറ്റും നഷ്ടപ്പെടുന്നവർക്കും പ്രസ്തുത മാനദണ്ഡപ്രകാരമുള്ള ആശ്വാസ സഹായത്തിന് അർഹതയുണ്ട്.

(സി) ഈ മണ്ഡലത്തിലെ കടൽ തീരങ്ങളിൽ കടൽക്ഷോഭം തടയുന്നതിനും തീരപ്രദേശത്തെ ജനങ്ങളുടെ ദുരിതത്തിന് അറുതി വരുത്തുന്നതിനും എന്തെങ്കിലും ശാശ്വത പരിഹാര മാർഗ്ഗങ്ങൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ടി കടൽത്തീരത്തിന് അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തി വിഭാവന ചെയ്യുന്നതിനുള്ള പഠനത്തിനായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) ചെന്നൈ, എന്ന സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് പ്രവൃത്തികൾ വിഭാവന ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1500 കോടി രൂപ തീരസംരക്ഷണ പാക്കേജിൽ ഉൾപ്പെടുത്തി അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

പാലങ്ങളിൽ ഷട്ടറുകൾ സ്ഥാപിക്കൽ

134(639) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ മലയം കനാലിന് കുറുകെയുള്ള മുട്ടേൽ പാലം, കരിപ്പുഴ കനാലിന് കുറുകെയുള്ള പത്തിയൂർ പാലം, എരുവ പാലം എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള സ്ലൂയിസ് ഷട്ടറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കായംകുളം മണ്ഡലത്തിലെ മലയം കനാലിന് കുറുകെയുള്ള മുട്ടേൽ പാലം, കരിപ്പുഴ കനാലിന് കുറുകെയുള്ള പത്തിയൂർ പാലം, എരുവ പാലം എന്നിവിടങ്ങളിൽ സ്ലൂയിസ്സുകൾക്കിടയിൽ താത്കാലിക ഓരുമുട്ടുകൾ സ്ഥാപിച്ചുകൊണ്ടാണ് എല്ലാ വർഷവും ഓരുവെള്ളം കയറുന്നത് തടയുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആധുനിക രീതിയിലുള്ള സ്ലൂയിസ് ഷട്ടറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.